"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 2016-ലെ ഖരമാലിന്യ പരിപാലന ചട്ട പ്രകാരം മാലിന്യ സംസ്കരണം കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.യുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.960/2023/LSGD തീയതി,തിരുവനന്തപുരം, 02-05-2023

---

**<u>ഉത്തരവ്</u>**

ബ്രഹ്മപുരം തീപിടുത്തതിന്റെ പശ്ചാത്തലത്തിൽ, മാലിന്യമുക്ത കേരളം പദ്ധതി നടപ്പാക്കുന്നതിനും 2016-ലെ ഖരമാലിന്യ പരിപാലന ചട്ടം പ്രകാരം മാലിന്യ സംസ്കരണം ഉറപ്പ് വരുത്തുന്നതിനുമായി ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.യുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. അതിൻപ്രകാരം താഴെ പറയുന്ന രീതിയിൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ. - **ചെയർമാൻ**
ii. ഒരു മുനിസിപ്പൽ കോർപ്പറേഷനോ ജില്ലാ ആസ്ഥാനമോ ഒന്നിലധികം എം.എൽ.എ.മാർ ഉൾക്കൊള്ളുന്നിടത്ത്, ബന്ധപ്പെട്ട എം.എൽ.എ. മാരുടെയും അവരുടെ സംയോജിത അധികാര പരിധിയിലുള്ള എൽ.എസ്.ജി.കളുടെയും സംയുക്ത യോഗം ജില്ലാ കളക്ടർ വിളിക്കേണ്ടതാണ്. അത്തരമൊരു സാഹചര്യത്തിൽ, മേയർ **വൈസ് ചെയർമാൻ** ആയിരിക്കും.
iii. എൽ.എസ്.ജി.ഡി. പ്രസിഡന്റ് / ചെയർപേഴ്സൺ
iv. സ്റ്റാന്റിംഗ് കമ്മിറ്റി മേധാവികൾ.
v. ജില്ലാതല ഓഫീസർമാരായ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരിൽനിന്നും ഒരു ഉദ്യോഗസ്ഥനെ അതാത് നിയോജക മണ്ഡലത്തിൽ **കൺവീനർ** ആയി ജില്ലാ കളക്ടർ നിർദ്ദേശിക്കേണ്ടതാണ്.
vi. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ.
vii. ഹരിത കർമ്മ സേന കൺസോർഷ്യം പ്രതിനിധികൾ

(2) കമ്മിറ്റിയുടെ ചുമതല താഴെ പറയുന്ന പ്രകാരമായിരിക്കും.

**i.** (i) 2024 മാർച്ച് 31-ന് മുമ്പ് കേരളത്തെ മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ സാധിക്കത്തക്ക വിധത്തിൽ ഖരമാലിന്യ പരിപാലന ചട്ടം 2016 സമയബന്ധിതമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തൽ.
**ii.** ഇതിനായുള്ള മാലിന്യ മുക്ത ക്യാമ്പയിൻ സംവിധാനത്തിന്റെ ഏകോപനം.
**iii.** കൂടുതൽ സ്റ്റേക്ക് ഹോൾഡേഴ്സിനെ ക്യാമ്പയിന്റെ ഭാഗമായി കൊണ്ടുവരുന്നതിനുള്ള

നടപടികൾ സ്വീകരിക്കുക.

iv. മാലിന്യ മുക്ത വാർഡുകളായും തദ്ദേശ ഭരണ സ്ഥാപനങ്ങളായും മാറാൻ താല്പര്യമുള്ള വാർഡുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വേണ്ട സഹായ സഹകരണം ഉറപ്പ വരുത്തുക.

v. മാലിന്യ മുക്ത നിയോജക മണ്ഡലം പ്രഖ്യാപിക്കുന്നതിനുതകുന്ന പ്രവർത്തനം ഏറ്റെടുക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ എം.എൽ.എ.മാർക്കും (ആമുഖ കത്ത് സഹിതം)
കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-2.
പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I)/ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 02-05-2023 16:52:41
സെക്ഷൻ ഓഫീസർ

പകർപ്പ് -
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്